**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3230** **08-10-2025 - ൽ മറുപടിയ്ക്ക്**

**ജില്ലാ തലത്തിൽ പൊതുമരാമത്ത് ഡിസൈൻ വിഭാഗം പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പുതിയ കാലഘട്ടത്തിനനുസരിച്ചുള്ള പുതിയ നിർമ്മിതികൾക്കായി ഡി.പി.ആർ., ഡിസൈൻ എന്നിവയ്ക്ക് വലിയ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പുതിയ നിർമ്മിതികൾക്കായി ഡി.പി.ആർ തയ്യാറാക്കുമ്പോൾ സ്ഥലം പരിശോധിച്ച് ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കുകയും ആയത് തനത് ഡിപ്പാർട്ട്മെന്റ് അംഗീകരിച്ച് നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഡീറ്റൈയിൽഡ് ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കുകയും ആയത് സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനായി ടോട്ടൽ സ്റ്റേഷൻ സർവ്വേ, മണ്ണ് പരിശോധന റിപ്പോർട്ടുകളടക്കം ഡിസൈൻ വിംഗിന് കൈമാറുകയും ചെയ്യുന്നു. സമയബന്ധിതമായി ഡിസൈൻ ആർക്കിടെക്ചർ കെട്ടിട വിഭാഗങ്ങൾക്കുള്ള പ്രവർത്തനം സാധ്യമാക്കുന്നതിന് കെട്ടിട വിഭാഗത്തിന്റെ നേതൃത്വത്തിൽ എല്ലാ മാസവും ഡിവിഷൻ, സർക്കിൾ, ചീഫ് എഞ്ചിനീയർ തലങ്ങളിൽ സംയുക്ത മീറ്റിംഗുകൾ നടത്തി ഏകോപിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഈ കാലതാമസം ഒഴിവാക്കുന്നതിനായി ഡിസൈൻ വിംഗിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജില്ലാ തലത്തിൽ പൊതുമരാമത്ത് ഡിസൈൻ വിഭാഗം പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | നിലവിൽ ഡിസൈൻ വിഭാഗത്തിന് കീഴിൽ തിരുവനന്തപുരം ചീഫ് ഡിസൈൻ ഓഫീസിന് പുറമേ 14 ജില്ലകളിലെ പ്രവൃത്തികൾ ഡിസൈൻ ചെയ്യുന്നതിന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകൾക്ക് വേണ്ടി തിരുവനന്തപുരത്തും എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട് ജില്ലകൾക്ക് വേണ്ടി എറണാകുളത്തും മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്,കാസർഗോഡ് ജില്ലകൾക്ക് വേണ്ടി കോഴിക്കോട്ടും മേഖലാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന റീജിയണൽ ഡിസൈൻ ഓഫീസുകൾ നിലവിലുണ്ട്. ഇവ വഴി കേരളത്തിന്റെ എല്ലാ ഭാഗത്തുമുള്ള ഡിസൈനുകൾ കാര്യക്ഷമമായി തന്നെ ചെയ്തു വരുന്നുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കൂടുതൽ നൂതന സോഫ്റ്റ് വെയറുകളും ഹാർഡ് വെയറുകളും ലഭ്യമാക്കി ഡിസൈനിലെ |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകി അവരുടെ സേവനം പ്രസ്തുത ഓഫീസുകളിൽ ഉറപ്പുവരുത്തി ഡിസൈൻ ഓഫീസുകളുടെ കാര്യക്ഷമത അഭിവൃദ്ധിപ്പെടുത്തി വരുന്നു. |
| (സി) | നിലവിലെ കാലതാമസം ഒഴിവാക്കുന്നതിനായി എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ സഹായം തേടുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വ്യക്തമാക്കാമോ; | (സി) | പുതിയ നിർമ്മിതികൾക്കായി ഡിസൈൻ, ഡ്രോയിംഗ് എന്നിവ പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിംഗ് മുഖേന തയ്യാറാക്കുവാനാണ് പി.ഡബ്ല്യൂ.ഡി മാന്വൽ പ്രകാരം നിഷ്കർഷിക്കുന്നത്. എന്നിരുന്നാലും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആവശ്യകതാ റിപ്പോർട്ടിൻ പ്രകാരവും പ്രവൃത്തിയുടെ അടിയന്തിര നിർവ്വഹണവും കണക്കിലെടുത്ത് എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ സഹായം കൈകൊള്ളാറുണ്ട്. |
| (ഡി) | ഇത്തരത്തിൽ ഡിസൈൻ തയ്യാറാക്കിയ വകുപ്പ് ഉദ്യോഗസ്ഥരോട് വിശദീകരണം തേടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | പുതിയ നിർമ്മിതികൾക്കായി ഡിസൈൻ, ഡ്രോയിംഗ് എന്നിവ പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിംഗ് മുഖേന തയ്യാറാക്കുവാനാണ് പി.ഡബ്ല്യൂ.ഡി മാന്വൽ പ്രകാരം നിഷ്കർഷിക്കുന്നത്. എന്നിരുന്നാലും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആവശ്യകതാ റിപ്പോർട്ടിൻ പ്രകാരവും പ്രവൃത്തിയുടെ അടിയന്തിര നിർവ്വഹണവും കണക്കിലെടുത്ത് എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ സഹായം കൈകൊള്ളാറുണ്ട്. |

സെക്ഷൻ ഓഫീസർ